(ബി) അമ്പലപ്പുഴ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്കാണ് തദ്ദേശസ്വയം ഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പിന് പണം നൽകാനുള്ളത്; പണം നൽകാൻ ആവശ്യപ്പെട്ട് എന്നാണ് തദ്ദേശ സ്വയംഭരണ വകുപ്പിൽ കത്തുകൾ ലഭിച്ചത് ; ഇതുവരെയും പണം നൽകാത്തതിന് കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ആസ്തി വികസന ഫണ്ട് വിനിയോഗം - ഉത്തരവുകൾ വൈകാതിരിക്കാൻ നടപടി

253 (1727) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭയുടെ കാലാവധി അവസാനിക്കുന്നതിന് മാസങ്ങൾ മാത്രം അവശേഷിക്കുന്നതിനാൽ മണ്ഡലങ്ങളിലെ ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന ജോലികളുടെ നടപടികൾ അടിയന്തരമായി പൂർത്തിയാക്കി ഭരണാനുമതി എത്രയും വേഗം നൽകുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകുമോ;

(ബി) ആസ്തി വികസന പദ്ധതിയിൽ പെടുത്തി എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന ജോലികളുടെ എസ്റ്റിമേറ്റും പ്ലാനും മറ്റ് റിക്കാർഡുകളും സെക്രട്ടേറിയറ്റിലെത്തിയാൽ ഇതു സംബന്ധിച്ച ഫയൽ തദ്ദേശസ്വയംഭരണ വകുപ്പിലെ ഏതെല്ലാം സെക്ഷനുകളിലേക്കും സീറ്റുകളിലേക്കും എന്ന് കൈമാറ്റം ചെയ്യുവെന്നും അത് എന്നാണ് മുകളിലേക്ക് സമർപ്പിക്കപ്പെട്ടത് എന്നും താമസംവിനാ അറിയാൻ സംവിധാനം ഒരുക്കുമോ?

ഉത്തരം

(എ) ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾക്ക് ധനാനുമതി ലഭ്യമായവയ്ക്ക് ഭരണാനുമതി നൽകി ഉത്തരവുകൾ കാലതാമസം കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും പുറപ്പെടുവിച്ചുവരുന്നുണ്ട്.

(ബി) എം.എൽ.എ.-മാർ ആസ്തി വികസന പദ്ധതി പ്രകാരം നിർദ്ദേശിക്കുന്ന പ്രവൃത്തികളും അവയിൽ സ്വീകരിക്കുന്ന തുടർനടപടികളും സംബന്ധിച്ച വിവരങ്ങൾ യഥാസമയം ലഭ്യമാകുന്ന തരത്തിൽ ഒരു സോഫ്റ്റ്വെയർ സംവിധാനം രൂപപ്പെടുത്തി പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly